**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2434 — 20/06/2012-ൽ മറുപടിക്ക്

## ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. കെ. ബാലൻ<br>,, എസ്. രാജേന്ദ്രൻ<br>,, സി. കൃഷ്ണൻ<br>,, കെ. കുഞ്ഞമ്മത് മാസ്റ്റർ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും ഭൂമി നൽകാൻ ലക്ഷ്യമിട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | എ | ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും ഭൂമി നൽകാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഒന്നും രണ്ടും ഘട്ടങ്ങളിലായി പ്രശ്നങ്ങളില്ലാത്ത റവന്യൂ ഭൂമി, വിവിധ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും കൈവശമുണ്ടായിരുന്ന ഭൂമി എന്നിവ വിതരണം നടത്തി. അടുത്ത ഘട്ടമായി നിക്ഷിപ്ത വനഭൂമി വിതരണം നടത്തുന്നതാണ്. അവസാന ഘട്ടമെന്ന നിലയിൽ ഭൂമി വിലയ്ക്കുവാങ്ങി വിതരണം നടത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഏറ്റവും കൂടുതൽ ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങളുള്ള വയനാട് ജില്ലയിൽ ഭൂമി വിലയ്ക്കുവാങ്ങി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| ബി | 2012 മാർച്ച് 31 വരെ ഇത്തരത്തിൽ എത്ര പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ; | ബി | 2012 മാർച്ച് 31 വരെ 6777 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തു. |
| സി | പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചുവോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വിശദമാക്കുമോ? | സി | ഇല്ല. വിവിധ കാരണങ്ങളാൽ വിവിധ വകുപ്പുകളുടെയും, പൊതുമേഖലാ സ്ഥാപനങ്ങളുടെയും കൈവശമുണ്ടായിരുന്ന ഭൂമി ലഭ്യമാകുവാൻ താമസം നേരിട്ടതും, നിക്ഷിപ്ത വനഭൂമി ലഭ്യമാക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതിയോടെയും സുപ്രീം കോടതി ഉത്തരവുകളുടെയും വെളിച്ചത്തിൽ നടപടി ക്രമങ്ങൾ പൂർത്തിയാക്കുവാനുണ്ടാകുന്ന കാല താമസവുമാണ് ലക്ഷ്യം പൂർത്തീകരിക്കാതിരുന്നതിനുള്ള കാരണം. |

സെക്ഷൻ ഓഫീസർ